K16U 2164

Reg. No.: ...............................

Name : ..................................

**III Semester B.A./B.Sc. Degree (CCSS – Supple./Improve.) Examination, November 2016**

**COMMON COURSE IN MALAYALAM**

**3A09 MAL : മധ്യകാല കവിത** Madyakala Kavitha

**(2012 – 2013 Admissions)**

Time : 3 Hours

Max. Weightage : 30

I. താഴെ കൊടുത്തിരിക്കുന്ന **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക (**ഓരോ** വിഭാഗത്തിന്റെയും മൂല്യം 1). **(4×1=4 വെയിറ്റേജ്)**

1) ഉത്തരമെഴുതുക.

എ) രാമനാട്ടത്തിന്റെ പ്രയോക്താവാര് ?

ബി) കുചേലവൃത്തം വഞ്ചിപ്പാട്ടിൽ ഉപയോഗിച്ചിരിക്കുന്ന വൃത്തമേത് ?

സി) 'ഹുസ്നുൽ ജമാൽ' എന്ന വാക്കിന്റെ അർത്ഥമെന്ത് ?

ഡി) കുഞ്ചൻ നമ്പ്യാർ ആദ്യം ഏത് രാജാവിന്റെ ആശ്രിതനായിരുന്നു ?

2) താഴെപ്പറയുന്നവർ ആരെന്നെഴുതുക.

എ) വഞ്ചിവാസവൻ

ബി) ശബരൻ

സി) കൗഷാരവി

ഡി) ഭരദ്വാജാത്മജൻ

3) താഴെപ്പറയുന്ന കൃതികൾ എഴുതിയതാര് ?

എ) ഗണപതിപ്രാതൽ

ബി) ഘനസംഘം

സി) ഭാഷാഷ്ടപദി

ഡി) എലിപ്പട

4) താഴെപ്പറയുന്ന വരികൾ ഏത് കൃതിയിലേതെന്നെഴുതുക.

എ) ''പങ്കജനാഭാവതാരം പത്തിലുമാധിക്യമേറും
പങ്കഹരനായ കൃഷ്ണനെന്നറിഞ്ഞാലും''

ബി) ''അന്നു ചെയ്തോരുപകാരത്തിന്നു ഞാൻ പ്രത്യുപകാരം
എന്നു ചെയ്‌വാൻ മതിയാമെന്നുള്ള ഭാവം നമുക്കില്ല''

സി) ''മതികേടുള്ളവർ സുതരെന്നാകിലും
മതിമാന്മാരോയോർ കളകെന്നേവരൂ''

ഡി) ''നമ്മെയൊക്കെയും ബന്ധിച്ച സാധനം
കർമ്മമെന്നറിയേണ്ടതു മുമ്പിനാൽ''

5) താഴെപ്പറയുന്ന വാക്കുകളുടെ അർത്ഥമെഴുതുക.

എ) സാകല്യം

ബി) കൂപം

സി) മുഷ്കരൻ

ഡി) അവഞ്ചനം

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക (വെയിറ്റേജ് 1). **(4×1=4 വെയിറ്റേജ്)**

6) ''തർണ്ണകതസ്കരം കൊണ്ടു നാന്മുഖനെക്കരയിച്ച'' കഥയെന്ത് ?

7) 'പാഥസാം നിചയം വാർന്നൊഴിഞ്ഞളവു
സേതുബന്ധനോദ്യോഗമെന്തെടോ'' – ആരുടെ വാക്കുകൾ ? സന്ദർഭമെന്ത് ?

8) 'പാമ്പിനു പാൽ കൊടുത്തോനെപ്പാഞ്ഞുവന്നുകടികൂട്ടും
ചേമ്പിനുനെയ്യൊഴിച്ചാകിൽച്ചൊറിഞ്ഞുകൂട്ടുവാൻമേലാ' – വ്യാഖ്യാനിക്കുക.

9) ''കണ്ടുകണ്ടങ്ങിരിയ്ക്കും ജനങ്ങളെ
കണ്ടില്ലെന്നു വരുത്തുന്നതും ഭവാൻ'' – ആന്തരാർത്ഥം എഴുതുക.

10) ''മുമ്പിലേ വേണ്ടതു പിന്നിൽ വിളമ്പിനാൽ
പിമ്പിലേ വേണ്ടതു മുമ്പിൽത്തന്നെ'' – സന്ദർഭവും ആശയവും എഴുതുക.

III. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ നിന്നും **അഞ്ചെണ്ണ**ത്തിനു ഉത്തരമെഴുതുക (വെയിറ്റേജ് **2**).

**(5×2=10 വെയിറ്റേജ്)**

11) സുഭദ്രയെ പാർത്ഥനു നൽകാൻ ശ്രീകൃഷ്ണൻ തയ്യാറാക്കിയ നാടകം എന്തായിരുന്നു ?

12) നളചരിതം രണ്ടാം ദിവസത്തിലെ നാടകീയതയെക്കുറിച്ച് ഉപന്യസിക്കുക.

13) 'പണ്ടൊരിക്കൽ പാണ്ഡവമഹിഷിയുടെ ശാകോദന
മുണ്ടു നാമിന്നു ഭവാന്റെ പൃഥുകം തിന്നു;' – സൂചിത കഥകൾ എഴുതുക.

14) യുദ്ധവർണ്ണനയിൽ എഴുത്തച്ഛനുള്ള പാടവം പാഠ്യഭാഗത്തെ ആസ്പദമാക്കി വിലയിരുത്തുക.

15) മലയാളത്തിലെ ഭക്തി പ്രസ്ഥാനത്തിൽ പൂന്താനത്തിനുള്ള സ്ഥാനം നിർണ്ണയിക്കുക.

16) 'ബദറുൽ മുനീർ ഹുസ്നുൽ ജമാൽ' എന്ന പ്രണയ കഥയിലെ ആവിഷ്കാരത്തിന്റെ പ്രത്യേകതയെന്ത് ? വിശദീകരണമെഴുതുക.

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്ന്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (വെയിറ്റേജ് **4**).

**(3×4=12 വെയിറ്റേജ്)**

17) എഴുത്തച്ഛനിലെ കവി 'കർണ്ണപർവ്വ'ത്തിൽ പ്രത്യക്ഷമാകുന്നതെങ്ങനെ ? നിരൂപിക്കുക.

18) നളന്റെ സ്വഭാവ വൈശിഷ്ട്യം പാഠഭാഗത്തെ ആസ്പദമാക്കി വ്യക്തമാക്കുക.

19) 'കൃഷ്ണഗാഥ'യെ ഭക്തിപ്രസ്ഥാനത്തിൽപ്പെട്ട കാവ്യമായി കണക്കാക്കാനാകുമോ ? പരിചിന്തിക്കുക.

20) 'മലയാളഭാഷയുടേയും കേരളീയസംസ്കൃതിയുടെയും ആഘോഷമാണ് നമ്പ്യാർക്കവിതകൾ' – ചർച്ച ചെയ്യുക.

———————